ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 14.09.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. പതിനെട്ടാമത് ബ്രിക്സ് ഉച്ചകോടിക്ക് ന്യൂഡൽഹിയിൽ സമാപനം. ആഗോള വെല്ലുവിളികൾക്കായി രൂപപ്പെടുന്ന പരിഹാരങ്ങൾ ഗ്ലോബൽ സൗത്തിനും ലഭ്യമാക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആഹ്വാനം.

   The 18th BRICS Summit concluded in New Delhi. Prime Minister Narendra Modi called for ensuring that solutions emerging to address global challenges are made available to the Global South as well.

2. രാജ്യത്തുടനീളം ഇന്ന് ഹിന്ദി ദിവസ് ആചരിക്കും. രാജ്ഭാഷാ പുരസ്കാരങ്ങൾ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ പൂനെയിൽ സമ്മാനിക്കും.

   Hindi Diwas will be observed across the country today. Union Home Minister Amit Shah will present the Rajbhasha Awards in Pune.

3. ഒമാൻ തീരത്ത് വാണിജ്യകപ്പലിന് നേരെ ഉണ്ടായ ആക്രമണത്തെ ശക്തമായി അപലപിച്ച് ഇന്ത്യ. 13 ഇന്ത്യാക്കരെ രക്ഷപ്പെടുത്തി.

   India has condemned the attack on the commercial vessel MT EL Gaia off the coast of Oman. 13 Indian crew members have been rescued so far.

4. ഇന്ന് വിനായക ചതുർഥി. രാജ്യത്തുടനീളം വിപുലമായ ആഘോഷപരിപാടികൾ. രാഷ്ട്രപതിയുൾപ്പെടെയുള്ള പ്രമുഖർ ജനങ്ങൾക്ക് ആശംസകൾ നേർന്നു.

   Vinayaka Chaturthi is being celebrated across the country. Prominent leaders, including the President Droupadi Murmu have extended greetings to the peoples.

5. കേരളത്തിൽ ഇന്ന് മുതൽ പരക്കെ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, ഇടുക്കി, പാലക്കാട് ജില്ലകളിൽ മഞ്ഞ ജാഗ്രത.

**The IMD has forecast widespread rainfall in Keralam from today. Yellow alert has been issued in Pathanamthitta, Idukki and Palakkad districts.**

6. ഏഷ്യാ കപ്പ് വനിതാ ട്വൻറി -20 ക്രിക്കറ്റ് കിരീടം ഇന്ത്യക്ക്. ഫൈനലിൽ ശ്രീലങ്കയെ തകർത്തത് 72 റൺസിന്.

**India won the Women's T20 Asia Cup cricket title. Defeated Sri Lanka by 72 runs in the final.**

**&&&&&&&&&&&&&&&&&&&&**

## PM– BRICS (INTRO)

ഇന്ത്യയുടെ അധ്യക്ഷതയിൽ ചേർന്ന പതിനെട്ടാമത് ബ്രിക്സ് ഉച്ചകോടിക്ക് ന്യൂഡൽഹിയിൽ സമാപനം. ബ്രിക്സ് കൂട്ടായ്മയുടെ ഭാവി നയങ്ങളും നിർദ്ദേശങ്ങളും പ്രധാനമന്ത്രി നരേന്ദ്ര മോദി ഉച്ചകോടിയിൽ മുന്നോട്ടുവച്ചു. വെല്ലുവിളികൾക്കായി രൂപപ്പെടുന്ന പരിഹാരങ്ങളുടെ പ്രയോജനങ്ങൾ ബ്രിക്സ് കൂട്ടായ്മയിൽ മാത്രം ഒതുങ്ങരുതെന്നും, ഗ്ലോബൽ സൗത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് ഇവയെ ലഭ്യമാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

(വോയിസ്)

ബ്രിക്സിൻറെ അടുത്ത അധ്യക്ഷപദം ഏറ്റെടുക്കുന്ന ചൈനയ്ക്ക് പ്രധാനമന്ത്രി ആശംസകൾ നേർന്നു.

**&&&&&&&&&&&&**

## BRICS BILATERAL

ബ്രിക്സ് ഉച്ചകോടിയുടെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്ര മോദി 15 ഉന്നതതല ഉഭയകക്ഷി കൂടിക്കാഴ്ചകൾ നടത്തി. ലോകനേതാക്കളും അന്താരാഷ്ട്ര സ്ഥാപനങ്ങളുടെ മേധാവികളും ഇതിൽ ഉൾപ്പെടുന്നു. ഉഭയകക്ഷി ബന്ധങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും പരസ്പര താൽപര്യമുള്ള വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും പ്രാദേശിക, ആഗോള സംഭവവികാസങ്ങളെക്കുറിച്ച് അഭിപ്രായങ്ങൾ കൈമാറുന്നതിനും കൂടിക്കാഴ്ചകൾ അവസരമൊരുക്കി. കസാഖിസ്ഥാൻ, ഈജിപ്ത്, ഇന്തോനേഷ്യ, ഫിലിപ്പീൻസ്,

ദക്ഷിണാഫ്രിക്ക, ബുറുണ്ടി, നൈജീരിയ, ഉഗാണ്ട എന്നീ രാജ്യങ്ങളിലെ നേതാക്കളുമായി പ്രധാനമന്ത്രി ഉഭയകക്ഷി ചർച്ചകൾ നടത്തി.

&&&&&&&&&&&

## MEA - BRICS

18-ാമത് ബ്രിക്സ് ഉച്ചകോടി നിരവധി വികസനോന്മുഖമായ ഫലങ്ങൾ കൈവരിച്ചതായി വിദേശകാര്യ മന്ത്രാലയം. വിവിധ മേഖലകളിലായി 50-ലധികം നേട്ടങ്ങൾ കൈവരിക്കാനായെന്നും ഇന്ത്യയുടെ ബ്രിക്സ് അധ്യക്ഷസ്ഥാനത്തിന്റെ സുപ്രധാന നേട്ടമാണിതെന്നും വിദേശകാര്യ മന്ത്രാലയത്തിലെ സാമ്പത്തികകാര്യ സെക്രട്ടറി സുധാകർ ദലേല പറഞ്ഞു. ബ്രിക്സ് ബിസിനസ് കൗൺസിൽ, വനിതാ ബിസിനസ് അലയൻസ് തുടങ്ങിയവയുടെ റിപ്പോർട്ടുകളും ഉച്ചകോടിയിൽ അവതരിപ്പിച്ചതായി അദ്ദേഹം അറിയിച്ചു. ഇതിലൂടെ വനിതാ സംരംഭകരുടെ കാഴ്ചപ്പാടുകൾ നേരിട്ട് ലോക നേതാക്കൾക്ക് മുന്നിലെത്തിക്കാൻ സാധിച്ചതായും ശ്രീ സുധാകർ ദലേല പറഞ്ഞു.

&&&&&&&&&&&

## AYUSH-NEW DELHI DECLARATION

'ന്യൂഡൽഹി പ്രഖ്യാപന'ത്തിൽ പരമ്പരാഗത, സംയോജിത വൈദ്യശാസ്ത്രത്തിന് ലഭിച്ച അംഗീകാരം ആഗോള സഹകരണം ശക്തിപ്പെടുത്തുന്നതിനുള്ള സുപ്രധാന ചുവടുവയ്പ്പാണെന്ന് കേന്ദ്ര മന്ത്രി പ്രതാപ്റാവു ജാദവ്. ബ്രിക്സ് ആരോഗ്യ വിഭാഗത്തിന് കീഴിൽ പരമ്പരാഗത, സംയോജിത വൈദ്യശാസ്ത്രത്തിനായി രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന വിദഗ്ധ കർമസമിതി, അംഗരാജ്യങ്ങൾക്ക് അറിവ് പങ്കുവയ്ക്കാനും ഗവേഷണം ശക്തിപ്പെടുത്താനും വേദി ഒരുക്കുമെന്ന് മന്ത്രി പറഞ്ഞു.

&&&&&&&&&&&

## MALAYSIAN PM - KZD

കേരളത്തിന്റെ സാംസ്കാരിക പാരമ്പര്യത്തിന് ചരിത്രത്തിൽ വലിയ സ്ഥാനമുണ്ടെന്ന് മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിം. കോഴിക്കോട് മർക്കസിൽ നടന്ന പ്രാർത്ഥന ചടങ്ങിന് ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. മലബാർ തീരവും മലേഷ്യയും തമ്മിൽ നൂറ്റാണ്ടുകൾ പഴക്കമുള്ള പൈതൃക ബന്ധം പുനരുജ്ജീവിപ്പിക്കേണ്ടതുണ്ടെന്ന് ശ്രീ. അൻവർ ഇബ്രാഹിം അറിയിച്ചു. അഞ്ചുദിവസത്തെ ഇന്ത്യ പര്യടനത്തിന്റെ ഭാഗമായി ന്യൂഡൽഹിയിൽ

നടന്ന ബ്രിക്സ് ഉച്ചകോടിക്ക് ശേഷമാണ് അദ്ദേഹം കോഴിക്കോടെത്തിയത്.

&&&&&&&&&&

## HINDI DIWAS (INTRO)

രാജ്യത്തുടനീളം ഇന്ന് ഹിന്ദി ദിവസ് ആചരിക്കും. ദിനാചരണത്തിൻറെ ഭാഗമായി വിപുലമായ പരിപാടികളാണ് സംഘടിപ്പിച്ചിരിക്കുന്നത്.

**വിശദാംശങ്ങളിലേക്ക്....**

**(വോയിസ്)**

&&&&&&&&&&

## HINDI DIWAS (VOICE)

ഹിന്ദി ദിവസ് ആഘോഷങ്ങളുടെയും ആറാമത് അഖിലേന്ത്യാ ഔദ്യോഗിക ഭാഷാ സമ്മേളനത്തിന്റെയും ഉദ്ഘാടനം കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് മുംബൈയിൽ നിർവഹിക്കും. ഹിന്ദി ഭാഷയുടെ പ്രചാരണത്തിനായി മികച്ച സംഭാവന നൽകിയ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമായി 2025-26 വർഷത്തെ രാജ്ഭാഷാ ഗൗരവ്, രാജ്ഭാഷാ കീർത്തി പുരസ്കാരങ്ങൾ അദ്ദേഹം സമ്മാനിക്കും. 1949 സെപ്റ്റംബർ 14 നാണ് ദേവനാഗരി ലിപിയിലുള്ള ഹിന്ദി, രാജ്യത്തിൻറെ ഔദ്യോഗിക ഭാഷയായി ഭരണഘടനാ നിർമ്മാണ സഭ അംഗീകരിച്ചത്. ഇന്ത്യൻ ഭരണഘടനയുടെ 343-ാം അനുച്ഛേദത്തിലാണ് ഇത് സംബന്ധിച്ചുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇന്ന് ലോകത്ത് ഏറ്റവുമധികം ജനങ്ങൾ സംസാരിക്കുന്ന ഭാഷകളിൽ ഒന്നാണ് ഹിന്ദി. 52 കോടിയിലധികം ജനങ്ങളുടെ മാതൃഭാഷയാണ് ഹിന്ദി.

**ന്യൂസ് ഡെസ്ക്, ആകാശവാണി.**

&&&&&&&&&&

## INDIA-OMAN VESSEL

ഒമാൻ തീരത്ത് വാണിജ്യകപ്പലായ 'MT - EL ഗായ'യ്ക്ക് നേരെ ഉണ്ടായ ആക്രമണത്തെ ശക്തമായി അപലപിച്ച് ഇന്ത്യ. കാണാതായ ഒരാൾക്കായുള്ള തിരച്ചിൽ തുടരുകയാണെന്നും ഇതുവരെ 13

ഇന്ത്യാക്കരെ രക്ഷപ്പെടുത്തിയതായും ഒമാനിലെ ഇന്ത്യൻ എംബസി പ്രസ്താവനയിൽ അറിയിച്ചു. സ്ഥിതിഗതികൾ സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണെന്നും, ഒമാൻ അധികൃതരുമായി ചേർന്ന് രക്ഷാപ്രവർത്തനങ്ങൾ പുരോഗമിക്കുന്നതായും എംബസി അറിയിച്ചു. ഇന്ത്യൻ പൗരന്മാരെ രക്ഷപ്പെടുത്തുന്നതിൽ ഒമാൻ അധികൃതർ നൽകിയ പിന്തുണയ്ക്ക് എംബസി നന്ദി അറിയിക്കുകയും ചെയ്തു.

&&&&&&&&&&

## AMIT SHAH-SEVA SANKALP ABHIYAN

രാജ്യവ്യാപകമായി 'സേവാ സങ്കൽപ് അഭിയാൻ' പ്രചാരണ പരിപാടി ക്ക് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ തുടക്കം കുറിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ 25 വർഷത്തെ പൊതുസേവന സ്മരണയിലും, 2047ഓടെ ജനപങ്കാളിത്തത്തിൽ 'വികസിത ഭാരതം' എന്ന ലക്ഷ്യത്തിലേക്ക് മുന്നേറുന്നതിനുമായാണ് ഒക്ടോബർ 17 വരെ നീളുന്ന പ്രചാരണ പരിപാടിക്ക് തുടക്കമിട്ടത്. എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും ലോക്സഭാ-നിയമസഭാ മണ്ഡലങ്ങളിലും ബൂത്ത് തലങ്ങളിലും വിപുലമായ പരിപാടികൾ സംഘടിപ്പിക്കും .

&&&&&&&&&&

## IRAN - GULF TALKS POSTPONED

ഹോർമുസ് കടലിടുക്ക് വഴിയുള്ള കപ്പൽ ഗതാഗത ക്രമീകരണങ്ങൾ ചർച്ച ചെയ്യുന്നതിനായി ഇറാനും ഗൾഫ് രാജ്യങ്ങളും തമ്മിൽ ഇന്ന് നടത്താൻ നിശ്ചയിച്ചിരുന്ന കൂടിക്കാഴ്ച മാറ്റിവെച്ചു. ഒമാൻ വിദേശകാര്യ മന്ത്രി ബദർ ബിൻ ഹമദ് അൽ ബുസൈദിയാണ് ഇക്കാര്യം അറിയിച്ചത്. 'ഏകാഭിപ്രായം രൂപീകരിക്കുന്നതിന്റെ ഭാഗമായി ,ചില പ്രാദേശിക രാജ്യങ്ങളുടെ അഭ്യർത്ഥന മാനിച്ചാണ് യോഗം മാറ്റിയത്.

&&&&&&&&&&

## CRICKET-WOMENS ASIA CUP

ഏഷ്യാ കപ്പ് വനിതാ ട്വൻറി -20 ക്രിക്കറ്റ് കിരീടം ഇന്ത്യക്ക്. ഫൈനലിൽ നിലവിലെ ചാമ്പ്യന്മാരായ ശ്രീലങ്കയെ 72 റൺസിന് പരാജയപ്പെടുത്തിയാണ് എട്ടാം തവണയും ഇന്ത്യ കിരീടം

സ്വന്തമാക്കിയത്. ഇന്ത്യക്ക് വേണ്ടി ഓപ്പണർമാരായ ഷഫാലി വർമ്മയും സ്മൃതി മന്ദാനയും ചേർന്ന് 129 റൺസ് നേടി. ഷഫാലി വർമ്മയാണ് പ്ലെയർ ഓഫ് ദി മാച്ച്.

**&&&&&&&&&&**

## NEW HOCKEY-JR ASIA CUP

ഹോക്കിയിൽ ജൂനിയർ ഏഷ്യാ കപ്പ് പുരുഷ-വനിതാ കിരീടങ്ങൾ ഇന്ത്യക്ക്. ആതിഥേയരായ ചൈനയെ തോൽപ്പിച്ചാണ് വനിതാ ടീം തുടർച്ചയായ മൂന്നാം തവണയും കിരീടം സ്വന്തമാക്കിയത്. ഫൈനലിൽ ദക്ഷിണ കൊറിയയെ 4-1 ന് പരാജയപ്പെടുത്തിയാണ് ഇന്ത്യൻ പുരുഷ ടീം കിരീടം നിലനിർത്തിയത്. അജിത് യാദവ്, അൻമോൽ എക്ക, പ്രദീപ് സിംഗ്, അഷു മൗര്യ എന്നിവരാണ് ഇന്ത്യയ്ക്കായി ഗോളുകൾ നേടിയത്. ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്രമോദി, മറ്റ് കേന്ദ്രമന്ത്രിമാർ തുടങ്ങിയവർ വിജയികളെ അഭിനന്ദിച്ചു.

**&&&&&&&&&&**

## RAIN KERALAM

കേരളത്തിൽ ഇന്ന് മുതൽ പരക്കെ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, ഇടുക്കി, പാലക്കാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്.

**&&&&&&&&&&**

## GANESH CHATURTHI

ഇന്ന് വിനായക ചതുർഥി. രാജ്യത്തിൻറെ വിവിധയിടങ്ങളിൽ ദിവസങ്ങൾ നീളുന്ന ആഘോഷ പരിപാടികൾ പുരോഗമിക്കുകയാണ്. ഗണപതി ക്ഷേത്രങ്ങളിൽ ഇന്ന് പ്രത്യേക പൂജകളും നടക്കും. ഗണേശ ചതുർഥിയുടെ ഭാഗമായി വിവിധയിടങ്ങളിൽ ഘോഷയാത്രകളും പ്രത്യേക പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. ഗണേശ വിഗ്രഹങ്ങൾ ജലാശയങ്ങളിൽ നിമജ്ജനം ചെയ്യുന്ന ചടങ്ങോടെ ആഘോഷങ്ങൾക്ക് സമാപമാകും. രാഷ്ട്രപതി ദ്രൗപദി മുർമു, ഉൾപ്പെടെയുള്ള പ്രമുഖർ ജനങ്ങൾക്ക് ഗണേശ ചതുർത്ഥി ആശംസകൾ നേർന്നു.

**&&&&&&&&&&**

## KANNUR (INTRO)

അപകട രഹിത സുരക്ഷിതയാത്ര ഉറപ്പാക്കുന്നതിന് കണ്ണൂർ ജില്ലയിൽ രൂപീകരിച്ച ഹൈവേ സേഫ്റ്റി ടാസ്ക് ഫോഴ്സിന്റെ നേതൃത്വത്തിൽ ദേശീയപാത പരിശോധിച്ചു.
ജില്ലാ കലക്ടർ പി. വിഷ്ണുരാജിന്റെ നേതൃത്വത്തിലുള്ള സംഘമാണ് പരിശോധന നടത്തിയത്.
**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ. ഒ. ശശിധരൻ...**
(വോയ്സ്)

**&&&&&&&&&&**

## EK PED MAA KE NAAM

പരിസ്ഥിതി സംരക്ഷണം ലക്ഷ്യം വെച്ചുള്ള 'ഏക് പെഡ് മാ കേ നാം' രാജ്യവ്യാപക കാമ്പെയ്നിന്റെ ഭാഗമായി തിരുവനന്തപുരം കഴക്കൂട്ടം സൈനിക സ്കൂളിൽ വൃക്ഷ തൈ നടീൽ പരിപാടി സംഘടിപ്പിച്ചു. അധ്യാപകരും വിദ്യാർത്ഥികളും ഫലവൃക്ഷ തൈകൾ നട്ട് കാമ്പെയ്നിൽ സജീവമായി പങ്കെടുത്തു. ജൈവവൈവിധ്യം പ്രോത്സാഹിപ്പിക്കുക, ഭാവി തലമുറകൾക്ക് പ്രയോജനപ്പെടുന്ന സുസ്ഥിര അന്തരീക്ഷം സൃഷ്ടിക്കുക എന്നിവയാണ് പരിപാടിയുടെ ലക്ഷ്യം.

**&&&&&&&&&&**

## ARCHERY-WC FINAL

മെക്സിക്കോയിൽ നടന്ന ലോകകപ്പ് അമ്പെയ്ത്തിൽ ചരിത്രം കുറിച്ച് ധീരജ് ബൊമ്മദേവര. ഫൈനലിൽ ജപ്പാന്റെ നകാനിഷി ജുന്യയെ 6-5 എന്ന സ്കോറിനാണ് പരാജയപ്പെടുത്തിയത്. ഇതോടെ, ഈ നേട്ടം കൈവരിക്കുന്ന ആദ്യ ഇന്ത്യൻ പുരുഷ റിക്കർവ് ആർച്ചറായി ധീരജ് ബൊമ്മദേവര മാറി.

**&&&&&&&&&&**

## CRICKET-IND VS AFG

ടി-20 പുരുഷ ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ അഫ്ഗാനിസ്ഥാനെ 7 വിക്കറ്റിന് പരാജയപ്പെടുത്തി ഇന്ത്യ. ടോസ് നേടിയ ഇന്ത്യ, അഫ്ഗാനിസ്ഥാനെ

ബാറ്റിങ്ങിനയക്കുകയായിരുന്നു. അഫ്ഗാനിസ്ഥാൻ ഉയർത്തിയ 157 റൺ വിജയലക്ഷ്യം, 38 പന്തുകൾ ബാക്കിനിൽക്കെ 3 വിക്കറ്റ് നഷ്ടത്തിൽ ഇന്ത്യ അനായാസം നേടുകയായിരുന്നു. ഓപ്പണർ അഭിഷേക് ശർമ്മ മത്സരത്തിലെ താരമായി. പരമ്പരയിലെ ശേഷിക്കുന്ന രണ്ട് മത്സരങ്ങൾ നാളെയും വ്യാഴാഴ്ചയും ഇതേ വേദിയിൽ നടക്കും.

&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&

&&&